# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 സെപ്റ്റംബർ 27**

---

## ഓൺലൈൻ എം.ബി.എ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ; അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റന്റ്സ് ആന്റ് ഓൺലൈൻ എജ്യുക്കേഷനിൽ(സിഡിഒഇ) ഓൺലൈൻ എംബിഎ പ്രോഗ്രാമിന്റെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ തസ്തികയിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പട്ടികജാതി വിഭാഗത്തിൽ പെട്ടവർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവിലേക്ക് പുനർവിജ്ഞാപനപ്രകാരം എല്ലാ വിഭാഗങ്ങളിലുമുള്ളവർക്ക് അപേക്ഷിക്കാം.*

*ഒരുവർഷത്തേക്കാണ് നിയമനം. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സേവന കാലാവധി ദീർഘിപ്പിക്കാൻ സാധ്യതയുണ്ട്. അൻപതു ശതമാനം മാർക്കോടെ എംബിഎയും, യുജിസി നെറ്റ് അല്ലെങ്കിൽ പിഎച്ച്ഡിയും ഉള്ളവരെയാണ് പരിഗണിക്കുന്നത്. ഓൺലൈൻ അധ്യാപനം, കണ്ടന്റ് തയ്യാറാക്കൽ, ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം, ഐസിടി എനേബിൾഡ് ടീച്ചിംഗ് ആന്റ് ലേണിംഗ് പരിചയം എന്നിവ അഭികാമ്യം. പട്ടികജാതി, പട്ടിക വർഗ വിഭാഗക്കാരല്ലാത്തവർക്ക് എം.ബി.എയ്ക്ക് 55 ശതമാനം മാർക്കുണ്ടായിരിക്കണം.*

*പ്രായപരിധി 2024 ജനുവരി ഒന്നിന് 45 വയസ് കവിയരുത്. നിയമാനുസൃത വയസിളവ് അനുവദിക്കും. പ്രതിമാസ വേതനം 47000 രൂപ. പട്ടികജാതി വിഭാഗത്തിലുള്ളവരുടെ അഭാവത്തിൽ പട്ടിക വർഗ വിഭാഗത്തിൽ പെട്ടവരെയും ഈ രണ്ടു വിഭാഗക്കാരുടെയും അഭാവത്തിൽ മറ്റു പിന്നാക്ക വിഭാഗങ്ങളിൽ പെട്ടവരെയും ഈ വിഭാഗത്തിലും യോഗ്യരായവരിൽ ഇല്ലെങ്കിൽ പൊതു വിഭാഗത്തെയും പരിഗണിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/867/2024)*

## പരീക്ഷാതീയതി

*ഒന്നാം വർഷ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആർക്കിയോളജി ആന്റ് മ്യൂസിയോളജി (2023 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ഒക്ടോബർ 16 മുതൽ നടക്കും. ഒക്ടോബർ മൂന്നു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടു കൂടി ഒക്ടോബർ അഞ്ചു വരെയും സൂപ്പർ ഫൈനോടുകൂടി ഒക്ടോബർ ഏഴു വരെയും അപേക്ഷ സ്വീകരിക്കും.*

..........................

*മൂന്നും നാലും സെമസ്റ്റർ ബിഎ, ബികോം (സിബിസിഎസ്എസ് 2012 മുതൽ 2016 വരെ അഡ്മിഷനുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ മെഴ്സി ചാൻസ്) പരീക്ഷകൾ നവംബർ എട്ടു മുതൽ നടക്കും.*

*(പി.ആർ.ഒ/39/868/2024)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ എംഎസ്സി കെമിസ്ട്രി (ഇൻഡസ്ട്രിയൽ കെമിസ്ട്രി ഒഴികെ സിഎസ്എസ് 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 30 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*...............................*

*ഓക്ടോബർ ഏഴ്,എട്ട് തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ സിബിസിഎസ് ബിഎ കഥകളി വേഷം പ്രാക്ടിക്കൽ പരീക്ഷകൾ (പുതിയ സ്കീം 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2024) ഓക്ടോബർ ഒൻപത്, പത്ത് തീയതികളിലേക്ക് മാറ്റി പുനഃക്രമീകരിച്ചു. തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക്ക് ആൻറ് ഫൈൻ ആർട്സ് ആണ് പരീക്ഷാ കേന്ദ്രം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/869/2024)*

## പരീക്ഷാഫലം

*നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ (2017 മുതൽ 2019 വരെ അഡ്മിഷനുകൾ ലാറ്ററൽ എൻട്രി സപ്ലിമെന്ററി, 2018,2019 അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് - അഫിലിയേറ്റഡ് കോളേജുകൾ, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ് അഫിലിയേറ്റഡ് കോളേജുകളും സിപാസും, 2012 മുതൽ 2014 വരെ അഡ്മിഷനുകൾ മൂന്നാം മെഴ്സി ചാൻസും ലാറ്ററൽ എൻട്രിയും- അഫിലിയേറ്റഡ് കോളേജുകളും സീപാസും, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2014, 2015 അഡ്മിഷനുകൾ മൂന്നാം മെഴ്സി ചാൻസ്) പരിക്ഷാ ഫലം പ്രസിദ്ധീകരിച്ചു.*

*പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 11 വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ സമർപ്പിക്കണം.*

*(പി.ആർ.ഒ/39/870/2024)*

## പിജി ഡിപ്ലോമ പ്രോഗ്രാം

*മഹത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട് ടേം പ്രോഗ്രാംസ് (ഡിഎഎസ്പി) നടത്തുന്ന പിജി ഡിപ്ലോമ ഇൻ ഡാറ്റാ അനലിറ്റിക്സ് ഹ്രസ്വകാല റെഗുലർ ഫുൾ ടൈം പ്രോഗ്രാമിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. യോഗ്യത-ഡിഗ്രി. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ* (www.dasp.mgu.ac.in) *ഫോൺ-8078786798, 0481 2733292.*

*(പി.ആർ.ഒ/39/871/2024)*

## യൂണിയൻ തെരഞ്ഞെടുപ്പ്

*മഹത്മാ ഗാന്ധി സർവകലാശാലാ യുണിയൻ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. ഒാക്ടോബർ എട്ടിന് ഉച്ചക്ക് ഒന്നു വരെ നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കാം.*

*(പി.ആർ.ഒ/39/872/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**